# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ജുലൈ 28 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2
## ജില്ലയിൽ 109 പേർക്ക് കൂടി കോവിഡ്; 45 പേർക്ക് രോഗമുക്തി

ജില്ലയിൽ ചൊവ്വാഴ്ച (ജൂലൈ 28) 109 പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. 45 പേർ രോഗമുക്തരായി. 79 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗബാധ. ഇതുവരെ രോഗം ബാധിച്ചവരുടെ എണ്ണം 1283 ആയി. ഇതുവരെ രോഗമുക്തരായവരുടെ എണ്ണം 810 ആണ്.

കുന്നംകുളം ക്ലസ്റ്ററിൽ നിന്ന് 14 പേർക്ക് രോഗം ബാധിച്ചു. ഇരിങ്ങാലക്കുട കെഎസ്ഇ ക്ലസ്റ്ററിൽ നിന്ന് 13 പേർക്കും ഇരിങ്ങാലക്കുട കെഎൽഎഫ് ക്ലസ്റ്ററിൽ നിന്നും പട്ടാമ്പി ക്ലസ്റ്ററിൽ നിന്നും 9 പേർക്ക് വീതവും ഇരിങ്ങാലക്കുട ക്ലസ്റ്ററിൽ നിന്ന് 5 പേർക്കും ചാലക്കുടി ക്ലസ്റ്ററിൽ നിന്ന് 4 പേർക്കും ബിഎസ്എഫ് ക്ലസ്റ്ററിൽ നിന്ന് ഒരാൾക്കും മറ്റ് സമ്പർക്കം വഴി 24 പേർക്കും രോഗം ബാധിച്ചു. ഇതിൽ 3 പേരുടെ ഉറവിടം വ്യക്തമല്ല. വിദേശരാജ്യങ്ങളിൽ നിന്ന് തിരിച്ചെത്തിയ 17 പേർക്കും ഇതരസംസ്ഥാനങ്ങളിൽ നിന്ന് തിരിച്ചെത്തിയ 13 പേർക്കും കോവിഡ് സ്ഥിരീകരിച്ചു.

രോഗം സ്ഥിരീകരിച്ച 450 പേർ ജില്ലയിലെ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നുണ്ട്. തൃശൂർ സ്വദേശികളായ 18 പേർ മറ്റു ജില്ലകളിൽ ചികിത്സയിലുണ്ട്.

ആകെ നിരീക്ഷണത്തിൽ കഴിയുന്ന 12792 പേരിൽ 12329 പേർ വീടുകളിലും 463 പേർ ആശുപത്രികളിലുമാണ്. കോവിഡ് സംശയിച്ച് 82 പേരെയാണ് ചൊവ്വാഴ്ച (ജൂലൈ 28) ആശുപത്രിയിൽ പുതിയതായി പ്രവേശിപ്പിച്ചത്. 758 പേരെ ചൊവ്വാഴ്ച (ജൂലൈ 28) നിരീക്ഷണത്തിൽ പുതിയതായി ചേർത്തു. 1828 പേരെ നിരീക്ഷണ കാലഘട്ടം അവസാനിച്ചതിനെ തുടർന്ന് നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി.

ചൊവ്വാഴ്ച (ജൂലൈ 28) 1143 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചത്. ഇതുവരെ ആകെ 29235 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചിട്ടുള്ളത്. ഇതിൽ 27911 സാമ്പിളുകളുടെ പരിശോധന ഫലം വന്നിട്ടുണ്ട്. ഇനി 1324 സാമ്പിളുകളുടെ പരിശോധന ഫലം ലഭിക്കാനുണ്ട്. സെന്റിനൽ സർവ്വൈലൻസിന്റെ ഭാഗമായി നിരീക്ഷണത്തിൽ ഉള്ളവരുടെ സാമ്പിളുകൾ പരിശോധിക്കുന്നത് കൂടാതെ 10316 ആളുകളുടെ സാമ്പിളുകൾ ഇതുവരെ കൂടുതലായി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

ചൊവ്വാഴ്ച (ജൂലൈ 28) 444 ഫോൺ വിളികളാണ് ജില്ലാ കൺട്രോൾ സെല്ലിലേക്ക് വന്നത്. ഇതുവരെ ആകെ 55198 ഫോൺ വിളികൾ ജില്ലാ കൺട്രോൾ സെല്ലിലേക്ക് വന്നു. 100 പേർക്ക് സൈക്കോ സോഷ്യൽ കൗൺസിലർമാർ വഴി കൗൺസിലിംഗ് നൽകി.

ചൊവ്വാഴ്ച (ജൂലൈ 28) റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലുമായി 395 പേരെ ആകെ സ്ക്രീൻ ചെയ്തിട്ടുണ്ട്.

## കോവിഡ് രോഗം സ്ഥിരീകരിച്ചവർ

1. ബി.എസ്.എഫ് ക്ലസ്റ്റർ - 31 വയസ്സ് പുരുഷൻ

2. സമ്പർക്കത്തിലൂടെ രോഗം സ്ഥിരീകരിച്ച പുത്തൻച്ചിറ സ്വദേശി - 57 വയസ്സ് സ്ത്രീ
3. കെ.എൽ. എഫ് ക്ലസ്റ്റർ-കോടശ്ശേരി സ്വദേശി 70 വയസ്സ് പുരുഷൻ
4. കെ.എൽ. എഫ് ക്ലസ്റ്റർ-കോടശ്ശേരി സ്വദേശി 64 വയസ്സ് സ്ത്രീ
5. ഉറവിടമറിയാതെ സമ്പർക്കത്തിലൂടെ രോഗം പകർന്ന നാട്ടിക സ്വദേശി 32 വയസ്സ് പുരുഷൻ
6. കർണാടകത്തിൽ നിന്നും വന്ന വേളൂക്കര സ്വദേശി 23 വയസ്സ് പുരുഷൻ.
7. മഹാരാഷ്ട്രയിൽ നിന്നും വന്ന പുത്തൻച്ചിറ സ്വദേശി 56 വയസ്സ് സ്ത്രീ
8. മഹാരാഷ്ട്രയിൽ നിന്നും വന്ന പുത്തൻച്ചിറ സ്വദേശി 51 വയസ്സ് സ്ത്രീ
9. മഹാരാഷ്ട്രയിൽ നിന്നും വന്ന പുത്തൻച്ചിറ സ്വദേശി 55 വയസ്സ് പുരുഷൻ
10. മഹാരാഷ്ട്രയിൽ നിന്നും വന്ന പുത്തൻച്ചിറ സ്വദേശി 14 വയസ്സ് ആൺകുട്ടി.
11. മഹാരാഷ്ട്രയിൽ നിന്നും വന്ന പുത്തൻച്ചിറ സ്വദേശി 22 വയസ്സ് സ്ത്രീ
12. മഹാരാഷ്ട്രയിൽ നിന്നും വന്ന പുത്തൻച്ചിറ സ്വദേശി 71 വയസ്സ്പുരുഷൻ
13. കൽക്കത്തയിൽ നിന്നും വന്ന ആളൂർ സ്വദേശി 37 വയസ്സ് പുരുഷൻ
14. കെ.എൽ. എഫ് ക്ലസ്റ്റർ-ഇരിങ്ങാലക്കുട സ്വദേശി 60 വയസ്സ് സ്ത്രീ
15. ദമാമിൽ നിന്നും വന്ന ചേലക്കര സ്വദേശി 29 വയസ്സ് പുരുഷൻ
16. പട്ടാമ്പി ക്ലസ്റ്റർ ദേശമംഗലം സ്വദേശി 14 വയസ്സ് ആൺകുട്ടി.
17. പട്ടാമ്പി ക്ലസ്റ്റർ ദേശമംഗലം സ്വദേശി 15 വയസ്സ് ആൺകുട്ടി.
18. പട്ടാമ്പി ക്ലസ്റ്റർ ദേശമംഗലം സ്വദേശി 39 വയസ്സ് പുരുഷൻ
19. കെ.എസ് .ഇ ക്ലസ്റ്റർ പൂമംഗലം സ്വദേശി 90 വയസ്സ് സ്ത്രീ
20. കെ.എസ് .ഇ ക്ലസ്റ്റർ വേളൂക്കര സ്വദേശി 27 വയസ്സ് സ്ത്രീ
21. കർണാടകയിൽ നിന്നും വന്ന കടവല്ലൂർ സ്വദേശി 46 വയസ്സ് സ്ത്രീ
22. കർണാടകയിൽ നിന്നും വന്ന കടവല്ലൂർ സ്വദേശി 16 വയസ്സ് പെൺകുട്ടി.
23. കെ.എൽ. എഫ് ക്ലസ്റ്റർ- ഇരിങ്ങാലക്കുട സ്വദേശി 44 വയസ്സ് സ്ത്രീ
24. കെ.എൽ. എഫ് ക്ലസ്റ്റർ- ഇരിങ്ങാലക്കുട സ്വദേശി 80 വയസ്സ് സ്ത്രീ.
25. പട്ടാമ്പി ക്ലസ്റ്റർ മരത്തംകോട് സ്വദേശി 64 വയസ്സ് സ്ത്രീ .
26. സൗദിയിൽ നിന്നും വന്ന കടങ്ങോട് സ്വദേശി 32 വയസ്സ് പുരുഷൻ
27. ഒമാനിൽ നിന്നും വന്ന കുന്നംകുളം സ്വദേശി 56 വയസ്സ് പുരുഷൻ
28. ഇരിങ്ങാലക്കുട ക്ലസ്റ്റർ- പാവറട്ടി സ്വദേശി 35 വയസ്സ് സ്ത്രീ.
29. ബന്ധുവിൽ നിന്നും സമ്പർക്കത്തിലൂടെ രോഗം സ്ഥിരീകരിച്ച വേളൂക്കര സ്വദേശി 58 വയസ്സ് സ്ത്രീ.
30. കെ.എസ് .ഇ ക്ലസ്റ്റർ നടവരമ്പ് സ്വദേശി 20 വയസ്സ് പുരുഷൻ
31. ഖത്തറിൽ നിന്നും വന്ന മുല്ലശ്ശേരി സ്വദേശി 29 വയസ്സ് പുരുഷൻ
32. ഉറവിടമറിയാതെ സമ്പർക്കത്തിലൂടെ രോഗം പകർന്ന വെങ്കിടങ്ങ് സ്വദേശി 34 വയസ്സ് പുരുഷൻ.
33. സൗദിയിൽ നിന്നും വന്ന ചേല്ലൂർ സ്വദേശി 61 വയസ്സ് പുരുഷൻ
34. കെ.എസ് .ഇ ക്ലസ്റ്റർ വേളൂക്കര സ്വദേശി 78 വയസ്സ് സ്ത്രീ.
35. കെ.എസ് .ഇ ക്ലസ്റ്റർ വേളൂക്കര സ്വദേശി 46 വയസ്സ് സ്ത്രീ.
36. ഉക്രയിനിൽ നിന്നും വന്ന ഒല്ലൂർ സ്വദേശി 20 വയസ്സ് സ്ത്രീ.
37. കെ.എസ് .ഇ ക്ലസ്റ്റർ വേളൂക്കര സ്വദേശി 35 വയസ്സ് സ്ത്രീ.
38. കെ.എസ് .ഇ ക്ലസ്റ്റർ ഊരകം സ്വദേശി 42 വയസ്സ് സ്ത്രീ.
39. ഇരിങ്ങാലക്കുട ക്ലസ്റ്റർ- ഇരിങ്ങാലക്കുട സ്വദേശി 35 വയസ്സ് സ്ത്രീ.
40. കെ.എൽ. എഫ് ക്ലസ്റ്റർ- ഇരിങ്ങാലക്കുട സ്വദേശി 65 വയസ്സ് സ്ത്രീ.
41. കെ.എസ് .ഇ ക്ലസ്റ്റർ ചേർപ്പ് സ്വദേശി 65 വയസ്സ് സ്ത്രീ.
42. കെ.എസ് .ഇ ക്ലസ്റ്റർ പുത്തൻച്ചിറ സ്വദേശി 20 വയസ്സ് പുരുഷൻ
43. സൗദിയിൽ നിന്നും വന്ന മതിലകം സ്വദേശി 4 വയസ്സ് പെൺകുട്ടി.
44. സൗദിയിൽ നിന്നും വന്ന പൊയ്യ സ്വദേശി 70 വയസ്സ് പുരുഷൻ
45. ഇരിങ്ങാലക്കുട ക്ലസ്റ്റർ- പെരിഞ്ഞനം സ്വദേശി 40 വയസ്സ് പുരുഷൻ
46. ഷാർജയിൽ നിന്നും വന്ന വേളൂക്കര സ്വദേശി 53 വയസ്സ് സ്ത്രീ.
47. കെ.എൽ. എഫ് ക്ലസ്റ്റർ- ഇരിങ്ങാലക്കുട സ്വദേശി 55 വയസ്സ് സ്ത്രീ.

48.ദുബായിൽ നിന്നും വന്ന വള്ളിവട്ടം സ്വദേശി 1 വയസ്സ് പെൺകുട്ടി.
49.കുവൈറ്റിൽ നിന്നും വന്ന എടവിലങ്ങ് സ്വദേശി 68 വയസ്സ് പുരുഷൻ
50.സമ്പർക്കത്തിലൂടെ രോഗം പകർന്ന പൊയ്യ സ്വദേശി 23 വയസ്സ് പുരുഷൻ.
51.സമ്പർക്കത്തിലൂടെ രോഗം പകർന്ന കടവല്ലൂർ സ്വദേശി 25 വയസ്സ് പുരുഷൻ.
52.സമ്പർക്കത്തിലൂടെ രോഗം പകർന്ന പൊയ്യ സ്വദേശി 59 വയസ്സ് പുരുഷൻ.
53.സമ്പർക്കത്തിലൂടെ രോഗം പകർന്ന ചാഴൂർ സ്വദേശി 27 വയസ്സ് സ്ത്രീ.
54.സമ്പർക്കത്തിലൂടെ രോഗം പകർന്ന തൃശ്ശൂർ സ്വദേശി 45 വയസ്സ് പുരുഷൻ.
55.കെ.എസ് .ഇ ക്ലസ്റ്റർ പൊറത്തിശ്ശേരി സ്വദേശി 56 വയസ്സ് സ്ത്രീ.
56.ദുബായിൽ നിന്നും വന്ന അരിമ്പൂർ സ്വദേശി 39 വയസ്സ് പുരുഷൻ.
57.പട്ടാമ്പി ക്ലസ്റ്റർ വരവൂർ സ്വദേശി 23 വയസ്സ് പുരുഷൻ.
58.തമിഴ്നാട്ടിൽ നിന്നും വന്ന തൃശ്ശൂർ സ്വദേശി 24 വയസ്സ് പുരുഷൻ.
59.ഇരിങ്ങാലക്കുട ക്ലസ്റ്റർ- താന്ന്യം സ്വദേശി 76 വയസ്സ് സ്ത്രീ.
60.ഇരിങ്ങാലക്കുട ക്ലസ്റ്റർ- താന്ന്യം സ്വദേശി 54 വയസ്സ് സ്ത്രീ.
61.ഉറവിടമറിയാതെ സമ്പർക്കത്തിലൂടെ രോഗം പകർന്ന വടക്കാഞ്ചേരി സ്വദേശി 38 വയസ്സ് സ്ത്രീ.
62.പട്ടാമ്പി ക്ലസ്റ്റർ 31 വയസ്സ് സ്ത്രീ.
63.കെ.എസ് .ഇ ക്ലസ്റ്റർ മുരിയാട് സ്വദേശി 50 വയസ്സ് സ്ത്രീ.
64.ചാലക്കുടി ക്ലസ്റ്റർ ചാലക്കുടി സ്വദേശി 55 വയസ്സ് പുരുഷൻ.
65.പട്ടാമ്പി ക്ലസ്റ്റർ കുന്നംകുളം സ്വദേശി 61 വയസ്സ് പുരുഷൻ.
66.കുന്നംകുളം ക്ലസ്റ്റർ കുന്നംകുളം സ്വദേശി 34 വയസ്സ് സ്ത്രീ.
67.ദമാമിൽ നിന്നും വന്ന പോർക്കുളം സ്വദേശി 54 വയസ്സ് പുരുഷൻ.
68.ചാലക്കുടി ക്ലസ്റ്റർ ചാലക്കുടി സ്വദേശി 55 വയസ്സ് സ്ത്രീ.
69.കർണാടകയിൽ വന്ന കുന്നംകുളം സ്വദേശി 27 വയസ്സ് പുരുഷൻ.
70.ചാലക്കുടി ക്ലസ്റ്റർ ചാലക്കുടി സ്വദേശി 59 വയസ്സ് സ്ത്രീ.
71.കുന്നംകുളം ക്ലസ്റ്റർ കുന്നംകുളം സ്വദേശി 29 വയസ്സ് പുരുഷൻ.
72.സമ്പർക്കത്തിലൂടെ രോഗം പകർന്ന കുന്നംകുളം സ്വദേശി 58 വയസ്സ് സ്ത്രീ.
73.സമ്പർക്കത്തിലൂടെ രോഗം പകർന്ന ചാലക്കുടി സ്വദേശി 63 വയസ്സ് പുരുഷൻ.
74.സമ്പർക്കത്തിലൂടെ രോഗം പകർന്ന ചാലക്കുടി സ്വദേശി 3 വയസ്സ് പെൺകുട്ടി.
75.സമ്പർക്കത്തിലൂടെ രോഗം പകർന്ന ചാലക്കുടി സ്വദേശി 1 വയസ്സ് ആൺകുട്ടി.
76.കുന്നംകുളം ക്ലസ്റ്റർ ചാലക്കുടി സ്വദേശി 28വയസ്സ് സ്ത്രീ
77.കുന്നംകുളം ക്ലസ്റ്റർ കുന്നംകുളം സ്വദേശി 44 വയസ്സ് സ്ത്രീ.
78.കുന്നംകുളം ക്ലസ്റ്റർ കുന്നംകുളം സ്വദേശി 37 വയസ്സ് സ്ത്രീ.
79.കുന്നംകുളം ക്ലസ്റ്റർ കുന്നംകുളം സ്വദേശി 49 വയസ്സ് സ്ത്രീ.
80.ചാലക്കുടി ക്ലസ്റ്റർ ചാലക്കുടി സ്വദേശി 47 വയസ്സ് പുരുഷൻ.
81.കുന്നംകുളം ക്ലസ്റ്റർ ചാലക്കുടി സ്വദേശി 47 വയസ്സ് സ്ത്രീ.
82.കുന്നംകുളം ക്ലസ്റ്റർ കുന്നംകുളം സ്വദേശി 43 വയസ്സ് സ്ത്രീ.
83.സമ്പർക്കത്തിലൂടെ രോഗം പകർന്ന ചാലക്കുടി സ്വദേശി 45 വയസ്സ് പുരുഷൻ.
84.കുന്നംകുളം ക്ലസ്റ്റർ കുന്നംകുളം സ്വദേശി 50 വയസ്സ് സ്ത്രീ.
85.ബഹറിനിൽ നിന്നും വന്ന പറപ്പൂക്കര സ്വദേശി 32 വയസ്സ് പുരുഷൻ.
86.കുവൈറ്റിൽ നിന്നും വന്ന മേലൂർ സ്വദേശി 32 വയസ്സ് പുരുഷൻ.
87.കുന്നംകുളം ക്ലസ്റ്റർ കുന്നംകുളം സ്വദേശി 1 വയസ്സ് സ്ത്രീ.
88.കുവൈറ്റിൽ നിന്നും വന്ന ചാലക്കുടി സ്വദേശി 32 വയസ്സ് പുരുഷൻ.
89.കുന്നംകുളം ക്ലസ്റ്റർ കുന്നംകുളം സ്വദേശി 46 വയസ്സ് സ്ത്രീ.
90.ദുബായിൽ നിന്നും വന്ന കുന്നംകുളം സ്വദേശി 32 വയസ്സ് പുരുഷൻ.
91.പട്ടാമ്പി ക്ലസ്റ്റർ ദേശമംഗലം സ്വദേശി 73 വയസ്സ് പുരുഷൻ.
92.ആന്ധ്രാപ്രദേശിൽ നിന്നും വന്ന ചാവക്കാട് സ്വദേശി 56 വയസ്സ് പുരുഷൻ.
93.പട്ടാമ്പി ക്ലസ്റ്റർ പോർക്കുളം സ്വദേശി 58 വയസ്സ് പുരുഷൻ.
94.സമ്പർക്കത്തിലൂടെ രോഗം പകർന്ന തോളൂർ സ്വദേശി 41 വയസ്സ് പുരുഷൻ.
95.കുന്നംകുളം ക്ലസ്റ്റർ കുന്നംകുളം സ്വദേശി 49 വയസ്സ് പുരുഷൻ.

96.കെ.എസ് .ഇ ക്ലസ്റ്റർ ഇരിങ്ങാലക്കുട സ്വദേശി 20 വയസ്സ് പുരുഷൻ.
97.കെ.എൽ. എഫ് ക്ലസ്റ്റർ- ആളൂർ സ്വദേശി 24 വയസ്സ് സ്ത്രീ.
98.കെ.എൽ. എഫ് ക്ലസ്റ്റർ- ആളൂർ സ്വദേശി 2 വയസ്സ് പെൺകുട്ടി.
99.കുന്നംകുളം ക്ലസ്റ്റർ കുന്നംകുളം സ്വദേശി 32 വയസ്സ് പുരുഷൻ.
100. സമ്പർക്കത്തിലൂടെ രോഗം പകർന്ന പാണഞ്ചേരി സ്വദേശി 22 വയസ്സ് സ്ത്രീ.
101. സമ്പർക്കത്തിലൂടെ രോഗം പകർന്ന പാണഞ്ചേരി സ്വദേശി 54 വയസ്സ് പുരുഷൻ.
102. കുന്നംകുളം ക്ലസ്റ്റർ കുന്നംകുളം സ്വദേശി 50 വയസ്സ് പുരുഷൻ.
103. സമ്പർക്കത്തിലൂടെ രോഗം പകർന്ന പുത്തൻചിറ സ്വദേശി 83 വയസ്സ് പുരുഷൻ.
104. സമ്പർക്കത്തിലൂടെ രോഗം പകർന്ന പുത്തൻചിറ സ്വദേശി 70 വയസ്സ് സ്ത്രീ.
105. സമ്പർക്കത്തിലൂടെ രോഗം പകർന്ന പുത്തൻചിറ സ്വദേശി 33 വയസ്സ് സ്ത്രീ.
106. സമ്പർക്കത്തിലൂടെ രോഗം പകർന്ന പുത്തൻചിറ സ്വദേശി 10 വയസ്സ് പെൺകുട്ടി.
107. സമ്പർക്കത്തിലൂടെ രോഗം പകർന്ന പുത്തൻചിറ സ്വദേശി 5 വയസ്സ് ആൺകുട്ടി.
108. കെ.എസ്.ഇ ക്ലസ്റ്റർ പൂമംഗലം സ്വദേശി 90 വയസ്സ് സ്ത്രീ.
109. സമ്പർക്കത്തിലൂടെ രോഗം പകർന്ന ചാലക്കുടി സ്വദേശി 59 വയസ്സ് സ്ത്രീ.

## കോവിഡ് 19 :
## പെയ്ഡ് ക്വാറന്റൈൻ സംവിധാനം

കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പെയ്ഡ് ക്വാറന്റൈൻ സംവിധാനം ആവശ്യമുള്ളവർ നോഡൽ ഓഫീസറുമായി ബന്ധപ്പെടാം. വിദേശ രാജ്യങ്ങളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തുന്നവർക്കാണ് പെയിഡ് ക്വാറന്റൈൻ സൗകര്യം ഒരുക്കിയിരിക്കുന്നത്. തൃശൂർ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ടൂറിസമാണ് പെയിഡ് ക്വാറന്റൈൻ സംവിധാനത്തിന്റെ നോഡൽ ഓഫീസർ. പെയിഡ് ക്വാറന്റൈൻ സൗകര്യം ആവശ്യമുള്ളവർ ബന്ധപ്പെടേണ്ടതാണെന്ന് ജില്ലാ നോഡൽ ഓഫീസർ അറിയിച്ചു. ഇമെയിൽ വിലാസം paidiqtsr@gmail.com. ഫോൺ നമ്പർ - 04872 332419, 9446811371.

## സി.എഫ്.എൽ.ടി.സി, ആർ.ക്യു.എഫ്.സി കേന്ദ്രങ്ങൾക്കായി അഞ്ച് കെട്ടിടങ്ങൾ ഏറ്റെടുത്തു

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി പ്രാദേശിക ആരോഗ്യ കേന്ദ്രങ്ങൾ എന്ന നിലയിൽ കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെൻറ് സെൻററുകളും (സി.എഫ്.എൽ.ടി.സി) പ്രായാധിക്യമുള്ളവരെയും അനുബന്ധ രോഗാവസ്ഥകളുള്ളവരെയും പ്രത്യേകം പരിപാലിക്കുന്നതിനായി റിവേഴ്സ് ക്വാറൈൻറൻ ഫെസിലിറ്റീസ് കേന്ദ്രങ്ങളും (ആർ.ക്യു.എഫ്.സി) സ്ഥാപിക്കുന്നതിനായി ജില്ലയിൽ അഞ്ച് കെട്ടിടങ്ങൾ ജില്ലാ കളക്ടർ ഏറ്റെടുത്ത് ഉത്തരവായി. ചാലക്കുടി താലൂക്കിലെ മാള ഗ്രാമപഞ്ചായത്തിൽ 200 കിടക്കകൾ സജ്ജീകരിക്കാവുന്ന അൽഫോൺസ ഹോസ്റ്റൽ ഏറ്റെടുത്തു. തൃശൂർ താലൂക്കിൽ കോലഴി ഗ്രാമപഞ്ചായത്തിലെ 50 കിടക്കകൾ സജ്ജീകരിക്കാവുന്ന പോട്ടോർ വില്ലേജിലെ വെസ്റ്റ് ഫോർട്ട് നഴ്സിംഗ് സ്കൂൾ ഏറ്റെടുത്തു. കൂടാതെ തൃശൂർ കോർപറേഷനിലെ വിയ്യൂർ വില്ലേജിലെ ചേറൂർ വിമല കോളജ് ഇൻഡോർ സ്റ്റേഡിയം (80 കിടക്കകൾ), വെള്ളാനിക്കര വില്ലേജിൽ കേരള കാർഷിക സർവകലാശാല ഹോർട്ടികൾച്ചർ മെസ് ഹാൾ (80 കിടക്കകൾ), അച്യുതമേനോൻ ബ്ലോക്ക് (6080 കിടക്കകൾ) എന്നിവയും ഏറ്റെടുത്തു. ദുരന്തനിവാരണ നിയമം, പകർച്ചവ്യാധി നിയമം എന്നിവ പ്രകാരമാണ് നടപടി.

ഈ കെട്ടിടങ്ങളിൽ സി.എഫ്.എൽ.ടി.സി, ആർ.ക്യു.എഫ്.സി കേന്ദ്രങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനാവശ്യമായ ഭൗതിക സാഹചര്യം യഥാസമയം ഒരുക്കുന്നതിന്റെയും ഫലപ്രദമായ ദൈനംദിന നടത്തിപ്പിന്റെയും ചുമതല ബന്ധപ്പെട്ട തദ്ദേശ സ്ഥാപന അധ്യക്ഷൻ ചെയർപേഴ്സനായ മാനേജിംഗ് കമ്മിറ്റി അടിയന്തിരമായി നിർവഹിക്കേണ്ടതാണെന്ന് അറിയിച്ചു.

## ഗവ. മെഡിക്കൽ കോളേജിൽ
## 24 കോടിയുടെ പദ്ധതികളുടെ ഉദ്ഘാടനം ഇന്ന് (ജൂലൈ 29)

തൃശൂർ ഗവ. മെഡിക്കൽ കോളേജിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം ഇന്ന് ( ജൂലൈ 29). 65 കോടി രൂപ ചിലവഴിച്ച് പൂർത്തീകരിച്ച പദ്ധതികളുടെയും 24 കോടി രൂപയുടെ വിവിധ നിർമ്മാണ പദ്ധതികളുടെയും ഉദ്ഘാടനം ആരോഗ്യമന്ത്രി കെ.കെ. ശൈലജ ടീച്ചർ രാവിലെ 11 ന് ഓൺലൈനിലൂടെ നിർവ്വഹിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ചടങ്ങിൽ അധ്യക്ഷത വഹിക്കും. മന്ത്രിമാരായ പ്രൊഫ. സി. രവീന്ദ്രനാഥ്, അഡ്വ. വി. എസ്. സുനിൽ കുമാർ, ചിഫ് വിപ്പ് അഡ്വ. കെ. രാജൻ, എം പിമാരായ രമ്യ ഹരിദാസ്, ടി. എൻ. പ്രതാപൻ, അനിൽ അക്കര എം എൽ എ തുടങ്ങിയവർ മുഖ്യാതിഥികളാവും.

കോവിഡ് ചികിത്സയുടെ ഭാഗമായി രോഗികൾക്ക് അത്യന്താപേക്ഷിതമായ ഓക്സിജൻ പൈപ്പ് ലൈൻ മുഖേന എല്ലാ ഐ പി ബെഡുകളിലേയ്ക്കും നൽകുന്നതിനും അനുബന്ധ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നൂതന ചികിത്സ രീതിയായ 'പ്രാണ എയർ ഫോർ കെയർ പദ്ധതിക്കും തുടക്കമാകും. ലീനിയർ ആക്സിലറേറ്റർ (13.725 കോടി), പി ജി റെസിഡൻഷ്യൽ ക്വാർട്ടേഴ്സ് ( 12.81 കോടി), ശിശു ചികിത്സ വിഭാഗം (7.65 കോടി), റീജിയണൽ ഏർലി ഇന്റെർവെൻഷൻ ആൻഡ് ഓട്ടിസം സെന്റർ (2.12 കോടി), ജല സ്രോതസ്സുകളുടെയും ശുദ്ധീകരണ പ്ലാന്റിന്റെയും നിർമ്മാണം (6.75 കോടി ), മെൻസ് ഹോസ്റ്റൽ (3.09 കോടി), വയോജന സംരക്ഷണ കേന്ദ്രം (3.11 കോടി), മൾട്ടി യൂട്ടിലിറ്റി ഹബ്ബ് കെട്ടിടം (3.60), പുതിയ യുജി/പിജി ലാബ് (2.5 കോടി), കൃത്രിമ അവയവ നിർമ്മാണ പുനരധിവാസ കേന്ദ്രം(2.15 കോടി), മറ്റേണിറ്റി അനക്സ് (1.43 കോടി), വൈറോളജി ലാബ്, ലക്ച്ചർ തിയറ്റർ രണ്ടാംഘട്ടം (1 കോടി), 11ഹൈ മാസ്ററ് വിളക്കുകൾ, ഖരമാലിന്യ സംസ്കരണ കേന്ദ്രം (1.2 കോടി), നെഞ്ചു രോഗാശുപത്രിത്തിലെ പവർ ഓഗ്മെന്റേഷൻ (2 കോടി) പുതിയ ലിഫ്റ്റ് ആൻഡ് ഇ പി എ ബി എക്സ് സിസ്റ്റം (75 ലക്ഷം) എന്നിവയാണ് പൂർത്തീകരിച്ച പദ്ധതികൾ.

## മെഡിക്കൽ കോളേജിൽ നാല് പുതിയ കൊറോണ
## വാർഡുകൾ കൂടി; ഉദ്ഘാടനം ജൂലൈ 30 ന്

തൃശൂർ മെഡിക്കൽ കോളേജിൽ സജ്ജീകരിച്ച നാല് പുതിയ കൊറോണ വാർഡുകളുടെ ഉദ്ഘാടനം ആലത്തൂർ എംപി രമ്യ ഹരിദാസ് നിർവഹിക്കും. ജൂലൈ 30 ന് രാവിലെ 11 മണിയ്ക്ക് വീഡിയോ കോൺഫറൻസിലൂടെയായിരിക്കും ഉദ്ഘാടനം നിർവഹിക്കുക. അനിൽ അക്കര എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ചാണ് തൃശൂർ മെഡിക്കൽ കോളേജിൽ പുതിയ കൊറോണ വാർഡുകൾ നിർമ്മിച്ചത്.

തൃശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം എ ആൻഡ്രൂസ്, ചെസ്റ്റ് ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. ഷഹനാ ബീഗം എന്നിവരടങ്ങിയ മെഡിക്കൽ ടീം 30 ദിവസം കൊണ്ടാണ് നാല് കൊറോണ വാർഡുകൾ സജ്ജീകരിച്ചത്. ചെസ്റ്റ് ആശുപത്രിയിലെ നാല് വാർഡുകളാണ് ആധുനിക സംവിധാനമുള്ള 120 കിടക്കകളും മറ്റ് അനുബന്ധ ഉപകരണങ്ങളോടും കൂടി സജ്ജീകരിച്ചിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനമായ സിഡ്കോയ്ക്കായിരുന്നു നിർമ്മാണ ചുമതല. എംഎൽഎ വികസന ഫണ്ട് ഉപയോഗിച്ച് സജ്ജീകരിക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ കൊറോണ വാർഡാണ് തൃശൂർ മെഡിക്കൽ കോളേജിലേത്.

കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി തൃശൂർ മെഡിക്കൽ കോളേജിൽ കേന്ദ്ര സർക്കാർ പുതുതായി 20 വെന്റിലേറ്റർ അനുവദിച്ചിട്ടുണ്ട്. ഇതോടെ തൃശൂർ മെഡിക്കൽ കോളേജിലെ വെന്റിലേറ്ററുകളുടെ എണ്ണം 60 ആയി. നിലവിൽ സംസ്ഥാനത്തെ കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി എല്ലാവിധ സംവിധാനത്തോടും കൂടിയ മെഡിക്കൽ കോളേജായി തൃശൂർ മെഡിക്കൽ കോളേജ് മാറിയതായി അനിൽ അക്കരെ എം എൽ എ അറിയിച്ചു.

## കോവിഡ്: മൃതദേഹം സംസ്കരിക്കുന്നതിലൂടെ
## രോഗം പകരില്ല-ഡി.എം.ഒ

കോവിഡ് ബാധിച്ച് മരിച്ച വ്യക്തിയുടെ മൃതദേഹം എല്ലാവിധ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് സുരക്ഷിതമായി പൊതിഞ്ഞാണ് സംസ്കരിക്കുന്നതെന്ന് ജില്ലാ മെഡിക്കൽ

ഓഫീസർ (ആരോഗ്യം) ഡോ. കെ.ജെ. റീന അറിയിച്ചു. രോഗബാധിതനായ വ്യക്തി സംസാരിക്കുമ്പോഴോ തുമ്മുമ്പോഴോ ചുമയ്ക്കുമ്പോഴോ തെറിക്കുന്ന കണികകളിലൂടെയാണ് മറ്റുള്ളവർക്ക് രോഗം പകരുന്നത്. അതിനാൽ, കോവിഡ് ബാധിച്ച് മരിച്ചയാളുടെ സ്രവം മറ്റുള്ളവരുമായി സമ്പർക്കത്തിൽ വരുന്നതേയില്ല. മൃതദേഹം അകലെ നിന്ന് കാണുന്നതിന് മാത്രമാണ് അടുത്ത ബന്ധുക്കളെ പോലും അനുവദിക്കുന്നത്. അതിന് ശേഷം മതാചാരമനുസരിച്ച് കത്തിക്കുകയോ കുഴിച്ചിടുകയോ ആണ് ചെയ്യുന്നത്. ഇവ രണ്ടും ഒരു കാരണവശാലും മറ്റുള്ളവരിലേക്ക് രോഗം പകർത്താൻ കാരണമാവുന്നില്ല. അതേസമയം, മൃതദേഹം സംസ് കരിക്കുന്നതിനെതിരെ സമരം ചെയ്യാൻ ആളുകൾ ഒത്തുകൂടുമ്പോൾ സാമൂഹിക അകലം മറന്നുപോവുന്നു. അങ്ങനെയുള്ള ഒത്തുചേരലിലൂടെയാണ് രോഗം കൂടുതലായി പകരുന്നത്. രോഗത്തെ മാത്രമേ അകറ്റിനിർത്തേണ്ടതുള്ളൂ. രോഗിയെ മാനസികമായി ചേർത്തുനിർത്തുക. മൃതദേഹത്തോട് ആദരവ് കാണിക്കുക-ഡി.എം.ഒ വ്യക്തമാക്കി.

# കണ്ടശാംകടവ് മാർക്കറ്റിൽ നിയന്ത്രണങ്ങൾ കച്ചവട സമയം ക്രമീകരിച്ചു

കോവിഡ് വ്യാപനം കൂടുന്ന സാഹചര്യത്തിൽ മണലൂർ ഗ്രാമപഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങളിൽ കർശന നിയന്ത്രങ്ങൾ ഏർപ്പെടുത്തി. കണ്ടശാംകടവ് മാർക്കറ്റിൽ പൊതുജനങ്ങളുടെയും ചരക്ക് വാഹനങ്ങളുടെയും തിരക്ക് കൂടുന്ന സാഹചര്യത്തിൽ സമയക്രമീകരണം ഏർപ്പെടുത്തി. മണലൂർ ഗ്രാമപഞ്ചായത്ത്, പോലീസ്, ആരോഗ്യ വകുപ്പ്, വ്യാപാരി വ്യവസായി എന്നിവരുടെ സംയുക്ത യോഗത്തിന്റെ തീരുമാനപ്രകാരമാണിത്. പഞ്ചായത്തിലെ എല്ലാ വ്യാപര സ്ഥാപനങ്ങളുടെയും പ്രവർത്തനം വൈകീട്ട് അഞ്ച് വരെയായിരിക്കും. ഈ പ്രദേശത്തെ എല്ലാ വഴിയോര അനധികൃത കച്ചവടങ്ങളും നിരോധിച്ചു. എല്ലാ സ്ഥാപനങ്ങളും കോവിഡ് 19 സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചാണ് കച്ചവടം നടത്തുന്നതെന്ന് ഉറപ്പു വരുത്തേണ്ടത് സ്ഥാപന ഉടമയുടെ കടമയാണെന്നും അധികൃതർ അറിയിച്ചു.

കണ്ടശാംകടവ് മാർക്കറ്റിൽ മത്സ്യ മാംസ വിൽപ്പന രാവിലെ ആറു മുതൽ ഉച്ച 11 വരെയായിരിക്കും. പലചരക്ക് വിൽപന ഒൻപത് മുതൽ അഞ്ച് വരെയും പച്ചക്കറി വിൽപന ആറുമുതൽ അഞ്ച് വരെയുമായി നിജപ്പെടുത്തി. കണ്ടശാംകടവ് മാർക്കറ്റിൽ പ്രവേശിക്കുന്നതിന് വൺവേ സംവിധാനം ഏർപ്പെടുത്തി. ഒരു ലോറി മാർക്കറ്റിൽ പ്രവേശിച്ച് ചരക്ക് ഇറക്കിയതിന് ശേഷം മാത്രം അടുത്ത വാഹനത്തിനെ പ്രവേശിപ്പിക്കുക. വാഹനത്തിലെ ഡ്രൈവർമാർ വണ്ടിയിൽ തന്നെ വിശ്രമിക്കണമെന്നും പഞ്ചായത്ത് പ്രസിഡന്റ് വിജി പറഞ്ഞു. നിയന്ത്രണങ്ങൾ പാലിച്ചില്ലെങ്കിൽ കർശന നടപടി സ്വീകരിക്കുമെന്ന് ഇൻസ്പെക്ടർ വിമൽ കുമാർ അറിയിച്ചു.

# കടപ്പുറം പഞ്ചായത്തിൽ ജിയോ ബാഗുകൾ സ്ഥാപിക്കും

കടൽക്ഷോഭം മൂലം ദുരിതമനുഭവിക്കുന്ന ചാവക്കാട് താലൂക്കിലെ കടപ്പുറം നിവാസികൾക്ക് സംരക്ഷണമേകാൻ 47 ലക്ഷം രൂപയുടെ ജിയോ ബാഗുകൾ സ്ഥാപിക്കുമെന്ന് കെ. വി അബ്ദുൾഖാദർ എംഎൽഎ. തീരസംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിന് അഡീഷണൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഐ. കെ മോഹനൻ, മറ്റ് ഇറിഗേഷൻ ഉദ്യോഗസ്ഥർ എന്നിവരോടൊപ്പം എംഎൽഎ കടപ്പുറം സന്ദർശിച്ചു. തുടർച്ചയായി കടലാക്രമണം ഉണ്ടാകുന്ന കടപ്പുറം പഞ്ചായത്തിൽ കടൽഭിത്തികൾ തകർന്ന് വെള്ളം റോഡിലേയ്ക്കും വീടുകളിലേയ്ക്കും കയറുന്ന അവസ്ഥയ്ക്ക് താൽക്കാലിക ആശ്വാസമേകാനാണ് വിടവുകളില്ലാതെ ജിയോ ബാഗുകൾ സ്ഥാപിക്കുന്നത്. അഞ്ചങ്ങാടി വളവ് മുതലാണ് ജിയോ ബാഗുകൾ സ്ഥാപിക്കുക.

# കോർപ്പറേഷൻ പരിധിയിൽ സി.സി.ടി.വി. ക്യാമറ: സ്ഥാപിക്കുന്നതിന്റെ പുരോഗതി പരിശോധിച്ചു

കോർപ്പറേഷൻ പരിധിയിൽ സ്ഥാപിക്കുന്ന സി സി ടി വി ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ പുരോഗതി മേയർ അജിത ജയരാജന്റെ നേതൃത്വത്തിൽ വിലയിരുത്തി. തൃശൂർ കോർപ്പറേഷൻ പരിധിയിൽ സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ, മോഷണങ്ങൾ, വാഹനം ഇടിച്ചിട്ട് നിർത്താതെ പോകുന്ന സംഭവങ്ങൾ, അക്രമസംഭവങ്ങൾ തുടങ്ങിയവക്ക് അറുതി വരുത്താൻ കോർപ്പറേഷൻ പരിധിയിലെ നഗരപ്രദേശത്തും മറ്റു പ്രധാനപ്പെട്ട കേന്ദ്രങ്ങളിലുമാണ് സി.സി.ടി.വി. സ്ഥാപിക്കുന്നത്. കോർപ്പറേഷന്റെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ അഞ്ച് കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സി.സി.ടി.വിയുടെ കൺട്രോൾ റൂം പോലീസ് ആസ്ഥാനത്ത് തന്നെയായിരിക്കും. 150 കി.മീ. വേഗത്തിൽ പോകുന്ന വാഹനങ്ങളുടെതുൾപ്പെടെയുള്ള ദൃശ്യങ്ങളും നമ്പർ പ്ലേറ്റുകളും കണ്ടുപിടിക്കാനും കളവ്, അക്രമം തുടങ്ങിയവ നടത്തുന്നവരുടെ മുഖം വ്യക്തമായി കാണാവുന്ന ആധുനിക രീതിയിലുള്ള 13 റിവോൾവിംഗ് ക്യാമറകളും 178 സി.സി.ടി.വി. ക്യാമറകൾ അടക്കം 191 ക്യാമറകളാണ് ആദ്യഘട്ടത്തിൽ സ്ഥാപിക്കുന്നത്. സിറ്റി പോലീസ് കമ്മീഷണർ ആർ ആദിത്യ, ഡി.പി.സി.മെമ്പർ വർഗ്ഗീസ് കണ്ടംകുളത്തി, കൗൺസിലർ അനൂപ് ഡേവിസ് കാട, ഈസ്റ്റ് സി.ഐ. ലാൽ കുമാർ, നിർമ്മാണം നടത്തുന്ന കമ്പനിയുടെ പ്രതിനിധികൾ എന്നിവർ ഒപ്പമുണ്ടായിരുന്നു.

# ജൽജീവൽ മിഷൻ: സമിതി രൂപീകരിച്ചു

ഗ്രാമീണ മേഖലയിലെ എല്ലാ സ്ഥാപനങ്ങളിലും വീടുകളിലും ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ ജലലഭ്യത ഉറപ്പു വരുത്തുന്നതിനായുള്ള ജൽജീവൻ മിഷന്റെ ജില്ലാതല സമിതി രൂപീകരിച്ചു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായാണ് സമിതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് യോഗം ചേർന്നത്. പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമീണവീടുകളിലും കുടിവെള്ളം നൽകാനുള്ളള ടാപ്പ് കണക്ഷൻ നൽകും. ഉപഭോക്താവിന് ചുരുങ്ങിയത് 55 ലിറ്റർ വെള്ളം വിതരണം ചെയ്യും. മൂന്ന് വർഷം കൊണ്ട് ജില്ലയിൽ 3,40,000 കുടിവെള്ള കണക്ഷനുകൾ നൽകാനുള്ള പദ്ധതിയുടെ ആദ്യഘട്ടത്തിൽ 1,32,000 കുടിവെള്ള കണക്ഷനുകൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 75 ശതമാനം കേന്ദ്ര-സംസ്ഥാന വിഹിതം, 15 ശതമാനം പഞ്ചായത്ത് വിഹിതം, 10 ശതമാനം ഉപഭോക്തൃ വിഹിതം എന്നിവ ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. പൂർണ്ണമായ കമ്മിറ്റി അടുത്ത ദിവസം ചേരുമെന്നും തുടർന്ന് പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിലേക്ക് കടക്കുന്നതായിരിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു. ജില്ലാ കളക്ടർ ചെയർമാനായുള്ള സമിതിയിൽ എം.പിയും, ചെയർപേഴ്സനും നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും, ജലവിതരണ മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച രണ്ട് വിദഗ്ധരേയും, മറ്റ് വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരെയുമാണ് അംഗങ്ങളാക്കിയിട്ടുള്ളത്.

# അക്കൗണ്ട് മാറ്റം വേണ്ട; കർഷകർക്ക് വീണ്ടും പി ആർ എസ് വായ്പ നൽകി ജില്ല സഹകരണ ബാങ്ക്

പി ആർ എസ് പദ്ധതി പ്രകാരം നെല്ല് സംഭരണം കഴിഞ്ഞ കർഷകർക്ക് ഇനി ബാങ്ക് അക്കൗണ്ട് മാറേണ്ടതില്ല. കർഷകർക്ക് വീണ്ടും പി ആർ എസ് വായ്പ നൽകാൻ ജില്ല സഹകരണ ബാങ്ക് മുന്നോട്ട് വന്നതോടെയാണ് ഈ സൗകര്യം. 12 കോടി രൂപയാണ് ഇതിനായി അനുവദിച്ചിരിക്കുന്നത്. സപ്ലൈകോ 273 കോടി രൂപ മൂല്യമുള്ള നെല്ല് സംഭരിച്ചതോടെ മുഴുവൻ തുകയും ഇതോടെ പി ആർ എസ് വായ്പയായി സപ്ലൈകോയുമായി കരാറിലേർപ്പെട്ട എല്ലാ ബാങ്കുകളിൽ നിന്നും ലഭിക്കും. ജില്ലാ സഹകരണ ബാങ്കിനെ കൂടാതെ ഫെഡറൽ ബാങ്ക്, എസ് ബി ഐ, ബാങ്ക് ഓഫ് ഇന്ത്യ എന്നിവയും ഉടൻ തന്നെ പി ആർ എസ് വായ്പ അനുവദിച്ചു തുടങ്ങും. ജൂൺ മാസത്തിൽ നെല്ല് സംഭരണം അവസാനിച്ചതോടെ 101235 ടൺ നെല്ലാണ് സപ്ലൈകോ സംഭരിച്ചിരിക്കുന്നത്.

നേരത്തെ ജില്ലാ സഹകരണ ബാങ്കിൽ നിന്ന് വായ്പ ലഭിക്കാൻ ബുദ്ധിമുട്ട് നേരിടുന്ന കർഷകർക്ക് അക്കൗണ്ട് മാറാൻ സപ്ലൈകോ സൗകര്യം ഒരുക്കിയിരുന്നു. ജില്ലാ സഹകരണ ബാങ്കിന്റെ 100 കോടി എന്ന വായ്പ പരിധി കഴിഞ്ഞത് മൂലമാണ് ബാങ്കിൽ നിന്ന് പി ആർ എസ് വായ്പ പദ്ധതി പ്രകാരം വായ്പ ലഭിക്കാൻ ബുദ്ധിമുട്ട് നേരിട്ടത്. ഈ സാഹചര്യത്തിലാണ് സപ്ലൈകോ കർഷകർക്ക് അക്കൗണ്ട് മാറ്റം നിർദേശിച്ചത്. ഇപ്പോൾ 12 കോടി അധികം തുക അനുവദിച്ചതോടെ കർഷകർക്ക് അക്കൗണ്ട് മാറാതെ തന്നെ വായ്പയെടുക്കാൻ സാധിക്കും.

## കാടുകുറ്റി ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി ഡി എസ് ആസ്ഥാന മന്ദിരം തുറന്നു

കാടുകുറ്റി ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി ഡി എസ് ആസ്ഥാന മന്ദിരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് തോമസ് ഐ കണ്ണത് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും സംയുക്തമായി 30 ലക്ഷം രൂപ ചിലവഴിച്ചാണ് ആസ്ഥാന മന്ദിരം പണി കഴിപ്പിച്ചത്. 910 സ്ക്വയർ ഫീറ്റിൽ കോൺഫ്രൻസ് ഹാൾ, കൗൺസിലിംങ്ങ് സെന്റർ, ഫീഡിങ് റൂം, ട്രെയിനിങ് സെന്റർ വനിതാ ജാഗ്രത കമ്മറ്റി ഓഫീസ് എന്നീ സൗകര്യങ്ങൾ സി ഡി എസ് ആസ്ഥാന മന്ദിരത്തിൽ സജ്ജീകരിച്ചിരിക്കുന്നു. ജില്ലാ പഞ്ചായത്ത് അംഗം അഡ്വ കെ.ആർ.സുമേഷ്, പഞ്ചായത്ത് വൈസ് പ്രസിഡന്റ് മോളി തോമസ്, സ്ഥിരംസമിതി അധ്യക്ഷന്മാരായ മേഴ്സി ഫ്രാൻസിസ്, എം ആർ ഡേവിസ്, സി ഡി എസ് ചെയർപേഴ്സൺ ഓമന കൃഷ്ണൻകുട്ടി, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ വി എ പത്മ രാജൻ, എം രാജഗോപാൽ, മെമ്പർ സെക്രട്ടറി ഉഷ ദേവി, പഞ്ചായത്ത് സെക്രട്ടറി വി. എ ഹബീബ് തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കാടുകുറ്റി പഞ്ചായത്ത് കുടുംബശ്രീ സി ഡി എസ് ആസ്ഥാന മന്ദിരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്യുന്നു***

## പ്ലസ് വൺ ഹയർ സെക്കന്ററി പ്രവേശന നടപടികൾക്ക് ഇന്ന് (ജൂലൈ 29) ആരംഭം

ഈ വർഷത്തെ പ്ലസ് വൺ ഹയർ സെക്കന്ററി പ്രവേശന നടപടികൾ ഇന്ന് (ജൂലൈ 29) വൈകുന്നേരം അഞ്ച് മണിമുതൽ ആരംഭിക്കും. ഏകജാലക പ്രവേശനത്തിലൂടെ ഓൺലൈനായാണ് അഡ്മിഷൻ പ്രക്രിയ ആരംഭിക്കുക. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ എല്ലാ സംവരണ മാനദണ്ഡങ്ങളും പാലിച്ചായിരിക്കും പ്രവേശനം. മുൻവർഷങ്ങളിലെ പോലെ അപേക്ഷാഫീസ് അപേക്ഷയോടൊപ്പം നൽകേണ്ടതില്ല, പകരം സ്കൂൾ തുറക്കുമ്പോൾ മാത്രം അപേക്ഷാ ഫീസ് അടച്ചാൽ മതിയാകും. അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സ്കൂളുകളിൽ സമർപ്പിക്കുന്ന രീതിയും ഇത്തവണ ഒഴിവാക്കിയിട്ടുണ്ട്.

ഹയർസെക്കന്ററി പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഏകജാലക അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in ൽ ലഭ്യമായ പ്രോസ്പെക്ടസും അനുബന്ധങ്ങളും വ്യക്തമായി വായിച്ച് മനസ്സിലാക്കണം. അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന അപേക്ഷ നമ്പർ കൃത്യമായി എഴുതി സൂക്ഷിക്കണം. പ്രവേശന സംബന്ധമായ അറിയിപ്പുകൾ നൽകേണ്ടതിനാൽ ഓൺലൈൻ അപേക്ഷയിൽ വിദ്യാർത്ഥിയുടെയോ രക്ഷകർത്താവിന്റെയോ മൊബൈൽ നമ്പർ മാത്രം നൽകുക. പ്രോസ്പെക്ടസിലെ അനുബന്ധം രണ്ടിലെ ലിസ്റ്റുകൾ പരിശോധിച്ച് അപേക്ഷകൻ ഏത് കാറ്റഗറിയിൽ വരുന്നു എന്ന് മനസ്സിലാക്കിയ ശേഷം മാത്രം കാറ്റഗറി തെരഞ്ഞെടുക്കുക. അപേക്ഷ സമർപ്പണം ആരംഭിക്കുന്നതിന് മുമ്പ് പ്രവേശനം ആഗ്രഹിക്കുന്ന സ്കൂൾ കോഡ്-കോഴ്സിന്റെ കോഡ് എന്നിവ അടങ്ങുന്ന ഒരു ലിസ്റ്റ് എഴുതി കൈവശം വെച്ചതിന് ശേഷം മാത്രം പ്രവേശന നടപടികൾ ആരംഭിക്കുക.

പ്രവേശന നടപടികൾ വിദ്യാർത്ഥികൾക്ക് ലളിതമാക്കാൻ വിദ്യാർഥികൾക്കായി വിവിധ സൗകര്യങ്ങളാണ് ജില്ലയിൽ ഒരുക്കിയിരിക്കുന്നത്. അപേക്ഷ സമർപ്പിക്കാൻ അക്ഷയ സെന്ററുകളുടെയോ കമ്പ്യൂട്ടർ സെന്ററുകളുടെയോ സേവനവും ആവശ്യമില്ല. ജില്ലയിലെ 168 ഹയർ സെക്കന്ററി സ്കൂളുകളിൽ നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ ഹെൽപ്പ് ഡെസ്കുകൾ ഒരുക്കിയിട്ടുണ്ട്. വിദ്യാർത്ഥിയോ രക്ഷിതാവോ ആവശ്യപ്പെടുന്ന സ്കൂളുകളിലേക്കും ഗ്രൂപ്പുകളിലേക്കും ഓപ്ഷൻ നൽകി അപേക്ഷകൾ സൗജന്യമായി ഹെൽപ്പ് ഡെസ്ക് കേന്ദ്രങ്ങളിൽ

നിന്നോ വീട്ടിലിരുന്നോ ഓൺലൈനായി സമർപ്പിക്കാൻ സാധിക്കും. ഏതെങ്കിലും വിദ്യാർത്ഥികൾക്ക് വീട്ടിലിരുന്ന് പ്രവേശന നടപടികൾ പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ തൊട്ടടുത്തുള്ള എച്ച് എസ്, എച്ച് എസ് എസ് സ്കൂളുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷിക്കാനുള്ള സംവിധാനമാണ് ഇതുവഴി പൂർത്തിയാകുന്നത്. നാഷ്നൽ സർവ്വീസ് സ്കീം തൃശൂർ ജില്ലക്കായി വികസിപ്പിച്ച NSSHELPDESK എന്ന ആപ്പ് വഴിയും ഈ വർഷം കുട്ടികൾക്ക് അപേക്ഷ സമർപ്പിക്കാൻ സാധിക്കും. ആപ്പിന്റെ പ്ലേസ്റ്റോർ ലിങ്ക്: https://play.google.com/store/apps/details?id=com.nsshelpdesk.android.system

## കലവറ കൂടുതൽ വിഭവങ്ങളോടെ തുറന്നു

തളിക്കുളം സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രാദേശിക കാർഷിക കാർഷികേതര ഉല്പന്ന കേന്ദ്രമായ കലവറ കുടുംബശ്രീ നാനോ മാർക്കറ്റ് കൂടി ഉൾപ്പെടുത്തി പ്രവർത്തനമാരംഭിച്ചു. തളിക്കുളം ബീച്ച് റോഡിൽ വ്യാപാര ഭവന് സമീപം ആരംഭിച്ച സ്ഥാപനത്തിൽ വിഷരഹിത പച്ചക്കറി ഉല്പന്നങ്ങൾ, തൈകൾ, കുടുംബശ്രീ യൂണിറ്റുകളുടെ വറവ് സാധനങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവ വാങ്ങുകയും വില്പന നടത്തുകയും ചെയ്യും. ടി.എൻ.പ്രതാപൻ എം.പി.ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡന്റ് ടി.എൽ.സന്തോഷ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് വിനയ പ്രസാദ്, സെക്രട്ടറി കെ.പി.ചിത്ര, ഗ്രാമപഞ്ചായത്തംഗം പി.ആർ.രമേഷ്, കൃഷി ഓഫീസർ എ.ടി.ഗ്രേസി, കുടുംബശ്രീ ചെയർപേഴ്സൺ അജന്ത ശിവരാമൻ എന്നിവർ സംസാരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ് : തളിക്കുളം സർവ്വീസ് സഹകരണ ബാങ്കിന്റെ കലവറ ടി.എൻ.പ്രതാപൻ എം.പി.ഉദ്ഘാടനം ചെയ്യുന്നു.***

## വലപ്പാട് കുടംബശ്രീ സി.ഡി.എസിന് 1.14 കോടി

വലപ്പാട് കുടംബശ്രീ സി.ഡി.എസ് കേരള പിന്നോക്ക വികസന കോർപ്പറേഷൻ മുഖേന വിവിധ അയൽക്കൂട്ടങ്ങൾക്കായി 1,14,84,000 രൂപ വിതരണം ചെയ്തു. വലപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജോയ്സി ജോർജ്ജ് ഉദ്ഘാടനം ചെയ്തു. സി.ഡി എസ് ചെയർപേഴ്സൺ മല്ലികാ ദേവൻ അധ്യക്ഷത വഹിച്ചു. വൈസ് ചെയർപേഴ്സൺ സുനിത ബാബു സ്വാഗതം പറഞ്ഞു. പിന്നോക്ക വികസന കോർപ്പറേഷൻ മാനേജർ വേണു ഗോപാൽ പദ്ധതി വിശദീകരണം നടത്തി. 19 സംഘങ്ങൾക്കാണ് ഫണ്ട് വിതരണം ചെയ്തത്.

## പുനർഗേഹം പദ്ധതി പുരോഗമിക്കുന്നു: ഉന്നതതല യോഗം ചേർന്നു

സംസ്ഥാനത്ത് തീരദേശവാസികൾക്ക് വേണ്ടി ആവിഷ്കരിച്ച പുനർഗേഹം പദ്ധതി കയ്പമംഗലം മണ്ഡലത്തിൽ പുരോഗമിക്കുന്നു. പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാനും, സംശയനിവാരണം നടത്തി ഉപഭോക്താക്കളെ സഹായിക്കുവാനും ഹെൽപ്പ് ഡെസ്കിനെ ചുമതലപ്പെടുത്തി. പദ്ധതിയുടെ പുരോഗമനം വിലയിരുത്താൻ ഇടി ടൈസൺ മാസ്റ്റർ എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചു വേണ്ട നിർദ്ദേശങ്ങൾ നൽകിയത്. ഓരോ പഞ്ചായത്തിലെയും പഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ജൂനിയർ സൂപ്രണ്ട്, തീരദേശ മെമ്പർമാർ, വില്ലേജ് ഓഫീസർ, ഫിഷറീസ് ഓഫീസർ, ചുമതലയുള്ള മോട്ടിവേറ്റർമാർ തുടങ്ങിയവരടങ്ങുന്നതാണ് ഹെൽപ്പ് ഡെസ്ക്ക്. നിലവിൽ എറിയാട്, എടവിലങ്ങ് പഞ്ചായത്തുകളിലായി ഒമ്പത് പേരുടെ രജിസ്ട്രേഷൻ പൂർത്തിയായി. 17 പേർക്ക് രജിസ്ട്രേഷൻ നൽകുവാൻ അനുവാദവും നൽകി. 43 പേരുടെ നിയമപരമായ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. തുടർന്നുള്ളവരെയും പദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടികൾ ആവിഷ്കരിച്ചു വരികയാണ്. ആഗസ്റ്റ് മൂന്നിന് എറിയാട്, എടവിലങ്ങ് പഞ്ചായത്തുകളിൽ ഹെൽപ്പ് ഡെസ്ക്ക് ചേർന്ന് റിപ്പോർട്ട് സമർപ്പിക്കാനും എംഎൽഎ നിർദ്ദേശിച്ചു.

കടലാക്രമണം രൂക്ഷമായ മേഖലയിലെ താമസക്കാർക്കുവേണ്ടി കേരളസർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് പുനർഗേഹം. മണ്ഡലത്തിലെ 408 കുടുംബങ്ങൾക്കാണ് പദ്ധതിയുടെ ഭാഗമായി 10 ലക്ഷം രൂപ വീതം അനുവദിച്ചത്. സംസ്ഥാനത്ത് ആദ്യമായി പദ്ധതി പ്രാവർത്തികമാക്കുന്ന ജില്ലയും തൃശൂരാണ്. വേലിയേറ്റമേഖലയിൽ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ മാറ്റിപ്പാർപ്പിക്കുകയാണ് പദ്ധതി ലക്ഷ്യം. യോഗത്തിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എ പി ആദർശ്, എറിയാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് എം കെ സിദ്ധീഖ്, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ജയന്തി ടി ടി, പ്രോജക്ട് കോഡിനേറ്റർ രഞ്ജിനി കെ ദാസൻ എന്നിവർ പങ്കെടുത്തു.

# മാള പഞ്ചായത്തിൽ ആന്റിജൻ പരിശോധന ഇന്ന് മുതൽ (ജൂലായ് 29)

കോവിഡ് ബാധയെ തുടർന്ന് മുഴുവൻ വാർഡുകളും അടച്ച മാള പഞ്ചായത്തിൽ വൈറസ് ബാധ സ്ഥിരീകരിച്ചയാളുമായി സമ്പർക്കമുണ്ടെന്ന് കരുതുന്നവരുടെ ആന്റിജൻ പരിശോധന ഇന്നു മുതൽ (ജൂലായ് 29) മൂന്നു ദിവസം നടക്കും. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ചാണ് പരിശോധന നടക്കുക. കോവിഡ് പോസിറ്റീവായ വ്യക്തിയുമായി സമ്പർക്കമുള്ളവരിൽ ലോ റിസ്ക്കുള്ള പ്രൈമറി കോൺടാക്ട് വ്യക്തികളുടെയും ഹൈറിസ്കുള്ള സെക്കന്ററി കോൺടാക്ട് വ്യക്തികളുടെയും ആന്റിജൻ പരിശോധനയാണ് നടക്കുക.

# കോവിഡ് നിയന്ത്രണ സെൽ രൂപീകരിച്ചു

കോവിഡ് മഹാമാരി ക്രമാതീതമായി വർധിക്കുന്ന സാഹചര്യത്തിൽ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ കോവിഡ് നിയന്ത്രണ സെൽ രൂപീകരിച്ചു. മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം കോവിഡ് പ്രതിരോധ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പുതുതായി ബിരുദമെടുത്ത 3200 ഡോക്ടർമാരും 5100 നഴ്സുമാരും 2000 ഫാർമസിസ്റ്റുകളും 400 ലാബ് ടെക്നിഷ്യന്മാരും ഉൾപ്പെടുന്ന ഒരു പട്ടിക കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഇതിനോടകം ആരോഗ്യമന്ത്രാലയത്തിന് കൈമാറിയിട്ടുണ്ട്.

സമാനമായി യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള സ്വകാര്യ മെഡിക്കൽ കോളേജുകളിലെ സേവന സന്നദ്ധരായ സ്പെഷ്യലിസ്റ്റുകളുടെ പട്ടികയും ഉടനെ തന്നെ തയ്യാറാക്കി സർക്കാരിന് കൈമാറും. എല്ലാ സ്വകാര്യ മെഡിക്കൽ കോളേജുകളോടും കോവിഡ് ആശുപത്രികൾ തുടങ്ങുന്നതിന് ആവശ്യമായ സജ്ജീകരണങ്ങളൊരുക്കി പ്രവർത്തന സന്നദ്ധരാകണമെന്ന് സർവ്വകലാശാല നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് പകർച്ചവ്യാധി സംബന്ധിച്ച പഠനത്തിനുള്ള ഒരുക്കങ്ങളും സർവ്വകലാശാലയിൽ വേഗത്തിൽ പൂർത്തിയായി വരികയാണ്.

# പറയൻ തോട് പുനരുജ്ജീവന പദ്ധതിക്ക് തുടക്കമായി

ചാലക്കുടി മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന പറയൻതോട് പുനരുജ്ജീവന പദ്ധതിക്ക് തുടക്കമായി. കഴിഞ്ഞ രണ്ട് പ്രളയങ്ങളിലും ഈ തോടിൽ മാലിന്യം അടിഞ്ഞുകൂടി സമീപ ദേശങ്ങൾ വെള്ളക്കെട്ടിലാകുമായിരുന്നു. ഈ തോടിന്റെ ആഴവും വീതിയും വർധിപ്പിച്ച് പ്രളയജലം ഉൾക്കൊള്ളുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനും കാർഷികവൃത്തിക്കുമായി ബി ഡി ദേവസി എംഎൽഎയുടെ ആവശ്യപ്രകാരം കൃഷിവകുപ്പ് മന്ത്രി വി എസ് സുനിൽകുമാർ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 64 ലക്ഷം രൂപ അനുവദിച്ചു. രണ്ടര കിലോമീറ്റർ ദൂരം തോട് ആഴം വർധിപ്പിച്ച് ഇരുകരകളിലും ബണ്ട് പിടിപ്പിച്ച് കയർ ഭൂവസ്ത്രം വിരിക്കുന്ന പദ്ധതിയാണിത്. പദ്ധതി പ്രവർത്തനം ചാലക്കുടി കോസ്മോസ് ക്ലബ് പരിസരത്ത് നിന്ന് തുടങ്ങി. ഓഗസ്റ്റ് 30ന് മുമ്പായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കും. ചാലക്കുടി മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ജയന്തി പ്രവീൺകുമാർ, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ് സിന്ധു പി ഡി, കൗൺസിലർമാരായ ആലീസ് ഷിബു, ഷിബു വാലപ്പൻ, ബിജു ചിറയത്ത്, സീമ ബൈജു, ബിജി സദാനന്ദൻ, ശ്രീധരൻ പി എം, ചാലക്കുടി മണ്ണ് സംരക്ഷണ ഓഫീസർ പ്രിൻസ് ടി കുര്യൻ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ് : പുനരുജ്ജീവന പദ്ധതിക്ക് തുടക്കമായ ചാലക്കുടിയിലെ പറയൻതോട്***

# ട്രഷറി: പെൻഷൻക്കാർക്ക് മസ്റ്ററിങ്ങിന് ഓൺലൈൻ സൗകര്യം

കോവിഡ് 19 രോഗ വ്യാപന ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ മസ്റ്ററിങിനായി പെൻഷൻകാർ ട്രഷറിയിൽ നേരിട്ട് എത്തുന്നത് പരമാവധി ഒഴിവാക്കേണ്ടതാണെന്ന് ജില്ലാ ട്രഷറി ഓഫീസർ അറിയിച്ചു. നിലവിൽ വാർഷിക മസ്റ്ററിങ് നടത്താനുള്ള പെൻഷൻകാർക്ക് ആഗസ്റ്റ് 31 വരെ സമയം അനുവദിച്ചു. ഇവർക്ക് ജീവൻ പ്രമാൺ പോലുള്ള വെബ്പോർട്ടലുകൾ മുഖേന മസ്റ്ററിങ് നടത്താവുന്നതാണ്. പെൻഷൻ രേഖകളിൽ ആധാർ നമ്പർ ചേർത്തിട്ടില്ലാത്ത പെൻഷൻകാർ സമർപ്പിക്കുന്ന ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റിന്റെ പകർപ്പിനൊപ്പം ആധാർ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ബന്ധപ്പെട്ട ട്രഷറിയിലേക്ക് മെയിലയക്കണം.

ആധാർ ഇല്ലാത്ത പെൻഷൻകാർക്ക് ലൈഫ് സർട്ടിഫിക്കറ്റ് മെയിൽ മുഖാന്തരം അയച്ച് മസ്റ്ററിങ് നടത്താവുന്നതാണ്. ട്രഷറികളിലെ സി യു ജി നമ്പറിലേക്ക് വാട്സപ്പ് മെസ്സേജായി അയക്കുന്ന ലൈഫ് സർട്ടിഫിക്കറ്റും വാർഷിക മാസ്റ്ററിങിനായി സ്വീകരിക്കുന്നതാണ്. എല്ലാ ട്രഷറികളിലും വാട്സ്ആപ്പ് വീഡിയോ കോൾ വഴി മസ്റ്ററിങ് നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഉച്ചതിരിഞ്ഞ് 2.30 മുതൽ 4.30 വരെയുള്ള സമയത്ത് വാട്സ്ആപ്പ് വീഡിയോ കോളിങിനായി ബന്ധപ്പെടുന്നതിന് പരസ്യപ്പെടുത്തിയിട്ടുള്ള നമ്പറുകളിൽ പെൻഷൻക്കാരുടെ വാർഷിക മസ്റ്ററിങ്ങിനായി വിളിക്കാവുന്നതാണ്. വിളിക്കുന്നതിന് മുൻപ് ട്രഷറിയിൽ വിളിച്ച് മസ്റ്ററിങ് നടത്തേണ്ട പെൻഷണറെ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതും വീഡിയോ കോൾ വിളിക്കുന്നതിന് അനുവദിച്ചിരിക്കുന്ന സമയം ഓഫീസിൽ നിന്നും മുൻകൂട്ടി അറിഞ്ഞിരിക്കേണ്ടതുമാണ്. പെൻഷൻകാർക്ക് ഓൺലൈൻ മുഖേന വാർഷിക മസ്റ്ററിങ് നടത്തുന്നതിനും മറ്റു വിവരങ്ങൾ അറിയുന്നതിനും ആവശ്യമായ വിവരങ്ങൾ സബ് ട്രഷറി തലത്തിൽ ചുവടെ ചേർക്കുന്നു. സബ് ട്രഷറിയുടെ പേരും മസ്റ്ററിങ് വാട്ട്സ്ആപ്പ് വീഡിയോ കോൾ നമ്പറുകളും, ഔദ്യോഗിക ഫോൺ നമ്പറുകളും ഇ മെയിൽ വിലാസവും യഥാക്രമം ചുവടെ ചേർക്കുന്നു.

സബ് ട്രഷറി തൃശൂർ -9400365213, 900839292 (വാട്സ്ആപ്പ് വീഡിയോ കോൾ നമ്പർ), 04872331025

9496000174 (ഔദ്യോഗിക ഫോൺ നമ്പറുകൾ) ഇമെയിൽ - cru.sttsr.try@kerala.gov.in

അഡീഷ്ണൽ സബ് ട്രഷറി തൃശൂർ - 9400322513, 9633367380(വാട്സ്ആപ്പ് വീഡിയോ കോൾ നമ്പർ) 04872440960, 9496000175 (ഔദ്യോഗിക ഫോൺ നമ്പറുകൾ), ഇമെയിൽ - cru.asttsr.try@kerala.gov.in

സബ് ട്രഷറി തലപ്പിള്ളി 9633987508, 9539856748(വാട്സ്ആപ്പ് വീഡിയോ കോൾ നമ്പർ) 04885232312, 9496000176 (ഔദ്യോഗിക ഫോൺ നമ്പറുകൾ), ഇമെയിൽ -cru.sttlply.try@kerala.gov.in

സബ് ട്രഷറി ചാവക്കാട് -9496000177, 9746069010 (വാട്സ്ആപ്പ് വീഡിയോ കോൾ നമ്പർ)
04872507665, 9496000177 (ഔദ്യോഗിക ഫോൺ നമ്പറുകൾ), cru.stcvkd.try@kerala.gov.in

സബ് ട്രഷറി കുന്നംകുളം 9895902145, 9497626679 (വാട്സ്ആപ്പ് വീഡിയോ കോൾ നമ്പർ)
04885222950, 9496000178 (ഔദ്യോഗിക ഫോൺ നമ്പറുകൾ), cru.stknklm.try@kerala.gov.in

സബ് ട്രഷറി ചേലക്കര - 6282043897, 9074850234 (വാട്സ്ആപ്പ് വീഡിയോ കോൾ നമ്പർ)
04884251001, 9496000179 (ഔദ്യോഗിക ഫോൺ നമ്പറുകൾ), cru.stchlkra.try@kerala.gov.in

സബ് ട്രഷറി മണലൂർ 9400195089, 8281521881 (വാട്സ്ആപ്പ് വീഡിയോ കോൾ നമ്പർ)
04872636695, 9496000180 (ഔദ്യോഗിക ഫോൺ നമ്പറുകൾ), cru.stmnlr.try@kerala.gov.in

സബ് ട്രഷറി ചേർപ്പ് 8547078366, 9446622709 (വാട്സ്ആപ്പ് വീഡിയോ കോൾ നമ്പർ)
04872344960, 9496000181 (ഔദ്യോഗിക ഫോൺ നമ്പറുകൾ), cru.stchrp.try@kerala.gov.in

സബ് ട്രഷറി മെഡിക്കൽ കോളേജ് തൃശൂർ 9497069943, 9539164231 (വാട്സ്ആപ്പ് വീഡിയോ കോൾ നമ്പർ), 04872201119, 9446033793 (ഔദ്യോഗിക ഫോൺ നമ്പറുകൾ), cru.stmctcr.try@kerala.gov.in

ജില്ലാ ട്രഷറി തൃശൂർ 9495075609, 9744494600 (വാട്സ്ആപ്പ് വീഡിയോ കോൾ നമ്പർ)
04872360348, 9496000172 (ഔദ്യോഗിക ഫോൺ നമ്പറുകൾ), cru.dttsr.try@kerala.gov.in

# പരീക്ഷ മാറ്റി

കേരള ആരോഗ്യശാസ്ത്ര സർവകലാശാല നടത്താനിരുന്ന വിവിധ പരീക്ഷകൾ മാറ്റിവെച്ചു. എം ഡി ഡിഗ്രി പാർട്ട് 1 റെഗുലർ (2016), എംഡി ഡിഗ്രി പാർട്ട് 2 (2012 & 2016 സ്കീം) ബി എച്ച് എം എസ് ഡിഗ്രി (2010 സ്കീം) എന്നിവയാണ് മാറ്റിയത്. പുതുക്കിയ തീയതി പിന്നീടറിയിക്കും.